# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JUNE 2022




# ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് 'വ്യാപാർ 2022'ന് കൊച്ചിയിൽ അരങ്ങുണരും

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) ദേശീയ തലത്തിൽ വിപണി കണ്ടെത്തിക്കൊടുക്കുക  എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ബിസിനസ്സ് മീറ്റായ വ്യാപാർ 2022 ന് കൊച്ചിയിൽ വേദിയൊരുങ്ങും. എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ 2022 ജൂൺ 16 മുതൽ 18 വരെയാണ് മേള സംഘടിപ്പിക്കപ്പെടുക. **ബഹു. നിയമ വ്യവസായ കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് ജൂൺ 16 ന് രാവിലെ 9 മണിക്ക് മേള ഉദ്ഘാടനം ചെയ്യും.**

സംസ്ഥാനത്തിന്റെ വ്യവസായ സംരംഭകരുടെ മികവും നൈപുണ്യവും ഇതര സംസ്ഥാന വ്യവസായ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരമായിരിക്കും ഈ മേള. വ്യാപാർ 2022 ൽ പങ്കെടുക്കാൻ 300ൽ പരം  എം.എസ്.എം.ഇ യൂണിറ്റുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.  ജില്ലാ വ്യവസായ കേന്ദ്രങ്ങളും വ്യവസായ വാണിജ്യ ഡയറക്ടർ അധ്യക്ഷനുമായ സമിതിയാണ് യൂണിറ്റുകളെ തെരഞ്ഞെടുത്തത്. ഇവരുടെ ഉത്പന്നങ്ങളും സാങ്കേതിക വിദ്യകളും വ്യവസായ വാണിജ്യ സംഘങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കും. വിപണി സാദ്ധ്യതകൾ, വിപണിയുടെ സ്വഭാവം, ഗുണനിലവാര മാനദണ്ഡം എന്നിവയെപ്പറ്റി മനസ്സിലാക്കാൻ മീറ്റിൽ പങ്കെടുക്കുന്നവർക്ക് അവസരം ലഭിക്കും. മേളയുടെ ഭാഗമാകാനായി  കേരളത്തെ  സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് സെല്ലർ രജിസ്ട്രേഷൻ സംവിധാനവും ഇതര സംസ്ഥാന ബയർമാർക്ക് മേളയുടെ ഭാഗമാകാനായി ബയർ രജിസ്ട്രേഷനും വ്യവസായ വകുപ്പ് ഒരുക്കിയിരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നായി 500 ഓളം ബയേഴ്സ് എത്തിച്ചേരുമെന്നാണ് കണക്കാക്കുന്നത്. ബിസിനസ്സ് ഹൗസുകൾ, വ്യാപാര സംഘങ്ങൾ, കയറ്റുമതി സംഘങ്ങൾ, വ്യവസായ വാണിജ്യ വിപണന കയറ്റുമതി സംഘങ്ങളുടെ പ്രതിനിധികൾ,  ഉപഭോക്താക്കൾ എന്നിവരാകും ബയർമാർ.

vyapar 2022
Kerala Business - to - Business Meet
*Oppurtunities Face 2 Face for MSMEs*
**June 16 to 18, 2022**


ഭക്ഷ്യസംസ്കരണം, കൈത്തറി വസ്ത്രങ്ങളും തുണിത്തരങ്ങളും, റബർ, കയർ ഉത്പ്പന്നങ്ങൾ, ആയുർവേദവും പച്ചിലമരുന്നുകളും, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, പരമ്പരാഗത വിഭാഗങ്ങളായ കരകൗശല, മുള തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ ഉത്പ്പന്നങ്ങൾ  വ്യാപാർ മേളയിൽ പ്രദർശിപ്പിക്കും. ഇതുവഴി കേരളത്തിൽനിന്നുള്ള വിൽപ്പനക്കാരുമായും നിർമാതാക്കളുമായും നേരിട്ട് ഇടപെടാനും സംവദിക്കാനും ഇതര സംസ്ഥാനങ്ങളിലെ ബയർമാർക്ക് അവസരം ലഭിക്കും.  മേളയുടെ അവസാന ദിവസം ഉച്ചക്ക് ശേഷം പൊതുജനങ്ങൾക്കായി ഈ മേഖലകളിലെ ഉത്പന്നങ്ങളുടെ വിപണിയും ഒരുക്കിയിട്ടുണ്ട്.

പതിനായിരത്തോളം ബിസിനസ്സ് മീറ്റുകൾ വ്യാപാർ 2022 നോടനുബന്ധിച്ച് നടക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ വൻ കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന സെമിനാറുകളും മേളയുടെ ആകർഷണമാണ്. കൂടാതെ വിവിധ വിഭാഗങ്ങളിലെ ഉത്പ്പന്നങ്ങളുടെ ലൈവ് ഡെമോ പ്രദർശനം മേളക്ക് ഇക്കൊല്ലം കൂടുതൽ മിഴിവേകും.

കേരളത്തിന്റെ വ്യവസായ മുഖമുദ്ര പ്രദർശിപ്പിക്കുന്ന മേളയുടെ ഉദ്ഘാടന ചടങ്ങിൽ ബഹു. കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ അധ്യക്ഷത വഹിക്കും. ബഹു. എം.പി ശ്രീ.ഹൈബി ഈഡൻ; വ്യവസായ, നോർക്ക വകുപ്പ്  പ്രിൻസിപ്പൽ സെക്രട്ടറി  ശ്രീ. സുമൻ ബില്ല  ഐ.എ.എസ്; വ്യവസായ വകുപ്പ്  പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്; വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്; കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ ശ്രീ. എം. ജി. രാജമാണിക്കം ഐ.എ.എസ്; കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്; കെബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ് എസ്; എം.എസ്.എം.ഇ ഡെവവെലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ജോയിന്റ് ഡയറക്ടർ ശ്രീ. ജി.എസ് പ്രകാശ് ; കെ.എസ്.എസ്.ഐ.എ സ്റ്റേറ്റ് പ്രസിഡന്റ് എം. ഖാലിദ്; ഫിക്കി ചെയർമാൻ ശ്രീ. ദീപക് എൽ അശ്വാനി, എന്നിവർ ചടങ്ങിൽ പങ്കെടുക്കും.






# കേരളത്തിന്റെ അടയാളമാകാൻ ഇവർ

## വ്യാപാറിൽ പങ്കെടുക്കുക 300 ലധികം സെല്ലേഴ്സ്

**സം**സ്ഥാന വ്യവസായ, വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ 2022ൽ കേരളത്തിന്റെ അടയാളമാകുക 300 ലധികം എം.എസ്.എം.ഇ യൂണിറ്റുകൾ. മുൻ വർഷം സംഘടിപ്പിക്കപ്പെട്ട വ്യാപാർ 2017 ൽ 200 യൂണിറ്റുകൾ പങ്കെടുത്തിരുന്ന സ്ഥാനത്താണ് ഇക്കൊല്ലം പ്രകടമായ മുന്നേറ്റം ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് ദേശീയതലത്തിൽ വിപണിസാധ്യത ലഭ്യമാക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ 2022 ൽ പങ്കെടുക്കുന്നതിന് സംരംഭകരുടെ തിരക്കാണ്.

സംസ്ഥാനത്തിന്റെ വ്യവസായിക ഉത്പാദനക്ഷമത പ്രദർശിപ്പിക്കുക, വിപണിയിൽ ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ സ്ഥാപനങ്ങളെയും ഉത്പന്നങ്ങളെയും അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താനും നിലനിർത്താനും വേണ്ടിയുള്ള പ്രോൽസാഹനം നൽകുക, നിക്ഷേപകരിൽ താൽപര്യം ജനിപ്പിക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ലക്ഷ്യംവക്കുക എന്നിവയാണ് മേളയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

2022 ജൂൺ 16 മുതൽ 18 വരെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ഭക്ഷ്യ സംസ്കരണം, ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റയിൽസ്, റബ്ബർ, കയർ, ആയുർവേദ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഹാന്റിക്രാഫ്ട് തുടങ്ങിയ മേഖലകളിലെ എം.എസ്.എം.ഇ സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ പരിചയപ്പെടുത്താനും, ബയർമാർക്ക് സംരംഭകരുമായി വാണിജ്യ കൂടിക്കാഴ്ച നടത്താനും അവസരമുണ്ട്. തങ്ങളുടെ വ്യാപാര മേഖലയെ വിപുലപ്പെടുത്താനുള്ള മികച്ച അവസരം എന്ന നിലയിലാണ് എം.എസ്.എം.ഇ സംരംഭകർ വ്യാപാർ 2022 നെ നോക്കികാണുന്നത്. ദേശീയ തലത്തിലേക്കുള്ള വളർച്ചകൾ സ്വപ്നം കാണുന്ന ഓരോ ഉത്പാദകനും ഇനി വലിയ സ്വപ്നങ്ങളുടെ നല്ല നേരം ആണ്.

■ഭക്ഷ്യ സംസ്കരണം ■ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റയിൽസ് ■റബ്ബർ ■കയർ ■ആയുർവേദ ■ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ■ഹാന്റിക്രാഫ്റ്റ് തുടങ്ങിയ മേഖലകളിലെ എം.എസ്.എം. ഇ സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ പരിചയപ്പെടുത്താനും, ബയർമാർക്ക് സംരംഭകരുമായി വാണിജ്യ കൂടിക്കാഴ്ച നടത്താനും അവസരമുണ്ട്.

### പ്രധാന പരിപാടികൾ

**ജൂൺ 16, 2022 വ്യാഴം**

| | | |
|---|---|---|
| 09.00 AM | | : **വ്യാപാർ 2022 ഉദ്ഘാടനം** |
| 10.30 AM | 7.00 PM | : **ബി2ബി മീറ്റ്സ്** |
| 04.30 PM | 7.00 PM | : **ബിസിനസ്സ് സെമിനാർ** |

**ജൂൺ 17, 2022 വെള്ളി**

| | | |
|---|---|---|
| 11.00 AM | 7.00 PM | : **ബി2ബി മീറ്റ്സ്** |
| 04.30 PM | 7.00 PM | : **ബിസിനസ്സ് സെമിനാർ** |

**ജൂൺ 18, 2022 ശനി**

| | | |
|---|---|---|
| 11.00 AM | 2.00 PM | : **ബി2ബി മീറ്റ്സ്** |
| 02.00 PM | 8.00 PM | : **പൊതുജനങ്ങൾക്കായുള്ള പ്രവേശനം** |

## കണക്കിലും മുകളിലാണ്
# വ്യാപാർ 2022

മുൻവർഷങ്ങളെ അപേക്ഷിച്ചു ആസൂത്രണങ്ങളിലും സംഘാടന മികവിലും ഒരുപടി മുന്നിലാണ് വ്യാപാർ 2022. വർധിച്ചു വരുന്ന സെല്ലേഴ്സിന്റെയും ബയേഴ്സിന്റെയും എണ്ണം തന്നെയാണ് അതിന് തെളിവ്. മുൻ വർഷം സംഘടിപ്പിച്ച വ്യാപാർ 2017 ൽ സെല്ലേഴ്സിന്റെ എണ്ണം 200 ആണെങ്കിൽ ഇക്കൊല്ലം അത് 300 ആണ്. ബയേഴ്സിന്റെ കണക്കിലും ഉണ്ട് പ്രകടമായ മാറ്റം, കോവിഡ് സാഹചര്യം കണക്കിലെടുത്ത് വിദേശ ബയർമാരെ ഒഴിവാക്കി നടത്തപ്പെടുന്ന മേളയിൽ 500 ഓളം ബയേഴ്സിന്റെ പ്രാധിനിധ്യമുണ്ടാകും. പതിനായിരത്തോളം ബിസിനസ്സ് മീറ്റുകൾ വ്യാപാർ 2022 നോടനുബന്ധിച്ച് നടക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. വ്യാപാർ 2017 ൽ ഇത് 7400 ആയിരുന്നു.

കൂടാതെ വിവിധ വിഭാഗങ്ങളിലെ ഉത്പന്നങ്ങളുടെ ലൈവ് ഡെമോ പ്രദർശനം മേളക്ക് ഇക്കൊല്ലം കൂടുതൽ മിഴിവേകും. ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങി വൻ കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന സെമിനാറുകളും മേളയുടെ ആകർഷണമാണ്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.